## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിലെ റിട്ട.സൂപ്രണ്ട് ശ്രീ.പി.കെ.സുഭാഷ് കുമാർ ഫയൽ ചെയ്ത ഒ.എ നം.115/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/01/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2640/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 23/11/2019

പരാമർശം : 1) ശ്രീ.പി.കെ.സുഭാഷ് കുമാർ(റിട്ട.സൂപ്രണ്ട്, തിരുവനന്തപുരം നഗരസഭ) 20/01/2018 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ - എ 10)

2) ശ്രീ.പി.കെ.സുഭാഷ് കുമാർ(റിട്ട.സൂപ്രണ്ട്, തിരുവനന്തപുരം നഗരസഭ) ഫയൽ ചെയ്ത ഒ.എ നം.115/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/01/2019 തീയതിയിലെ വിധിന്യായം

3) നഗരകാര്യ ഡയറക്ടറുടെ05/03/2019 തീയതികളിലെ പിഎഫ്9-21952/2015 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

സി.പി.എഫ് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ.പി.കെ.സുഭാഷ് കുമാർ ഫയൽ ചെയ്തിട്ടുള്ള ഒ.എ നം.115/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമായതിനുശേഷം മൂന്നുമാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട്, അനക്ഷർ - എ 10 സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോടും സർക്കാർ തീരുമാനം ആകുന്നതുവരെ അനക്ഷർ - എ 3, എ-13 എന്നിവ സംബന്ധിച്ചുള്ള നടപടി മാറ്റിവയ്ക്കുവാൻ ടി കേസിലെ രണ്ടാം എതിർകക്ഷിയായിട്ടുള്ള നഗരകാര്യ ഡയറക്ടറോടും ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

**2)** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം അപേക്ഷകനെ 06/03/2019 ന് നേരിൽ കേട്ടിരുന്നു.

**3)** 29/02/2016-ലാണ് തിരുവനന്തപുരം നഗരസഭയിൽ നിന്നും സൂപ്രണ്ട് തസ്തികയിൽ വിരമിച്ചെന്നും 03/1994 മുതൽ സി.പി.എഫ് ൽ പണം നിക്ഷേപിച്ചു തുടങ്ങുകയും 01/2015 മുതൽ വരിസംഖ്യ അടയ്ക്കുന്നത് നിർത്തിയിട്ടുള്ളതാണെന്നും സി.പി.എഫ് ൽ വരിസംഖ്യ ഒടുക്കുന്നത് നിർത്തിയിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ ക്ഷാമബത്ത കുടിശ്ശിക നേരിട്ട് നല്കേണ്ടതെന്നും അവ യഥാക്രമം ലഭ്യമായിട്ടില്ലായെന്നും ഓരോ ജീവനക്കാരനും അർഹമായ കുടിശ്ശിക തുകകൾ സി.പി.എഫ് ൽ ഒടുക്കുന്ന തീയതി മുതൽക്കു മാത്രമേ പലിശ നല്കാൻ കഴിയൂ എന്ന് നഗരകാര്യ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും, എന്നാൽ ജീവനക്കാർക്ക് വളരെയധികം തുക പലിശയിനത്തിൽ നഷ്ടപ്പെടുത്തുന്നതിനാൽ ഈ സർക്കുലർ നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും ആയതിനാൽ ഇതിനു പരിഹാരം കാണണമെന്നും ഹിയറിംഗ് സമയത്ത് ശ്രീ.പി.കെ.സുഭാഷ് കുമാർ ബോധിപ്പിച്ചു.

**4)** പരാമർശം (1) ലെ അനക്ഷർ - എ 10 സംബന്ധിച്ച് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ചുവടെച്ചേർക്കും വിധം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*"തിരുവനന്തപുരം നഗരസഭയിൽ നിന്നും സൂപ്രണ്ട് തസ്തികയിൽ 29/02/2016 ൽ വിരമിച്ച ശ്രീ.പി.കെ.സുഭാഷ് കുമാറിന്റെ പി.എഫ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനായി, ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ടി കണക്കുകൾ*

*പരിശോധിച്ചതിൽ നിന്നും ടിയാന്റെ പി.എഫ് അക്കൗണ്ടിൽ നിന്നും ക്രഡിറ്റിൽ ഉണ്ടായിരുന്നതിനേക്കാൾ അധികം തുക വായ്പായിനത്തിൽ പിൻവലിച്ചതായി ബോധ്യപ്പെട്ടു. ആയത് പലിശ സഹിതം തിട്ടപ്പെടുത്തുമ്പോൾ 1,38,098/- രൂപ വരുന്നു. ടി തുക അടിയന്തരമായി സി.പി.എഫിൽ തിരിച്ചടയ്ക്കണമെന്ന് ടിയാന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി തുക നാളിതുവരെ ടിയാൻ ഒടുക്കിയിട്ടില്ല. ശ്രീ.പി.കെ.സുഭാഷ് കുമാർ 20/01/2018 തീയതിയായി സമർപ്പിച്ച അപേക്ഷയിൽ, ടിയാന് അർഹതപ്പെട്ട നിരവധി ഡി.എ / പേ റിവിഷൻ അരിയർ തുകകൾ നഗരസഭകളിൽ നിന്നും ടിയാന്റെ പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചിട്ടില്ലായെന്നും ആയത് കണക്കാക്കുമ്പോൾ 4,41,107/- രൂപ ടിയാന് അനുവദിക്കാനുണ്ടെന്നും ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന്റെ കണക്കുകൾ പുനഃപരിശോധിച്ചതിൽ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള മുഴുവൻ കുടിശ്ശിക തുകകളും ടിയാന്റെ പി.എഫ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.*

*ശ്രീ.പി.കെ.സുഭാഷ് കുമാറിന്റെ പി.എഫ് അക്കൗണ്ടിൽ നിന്നും ക്രഡിറ്റിൽ ഉണ്ടായിരുന്നതിനേക്കാൾ അധികമായി പിൻവലിച്ചതായി തിട്ടപ്പെടുത്തിയ 1,38,098/- രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചുപിടിയ്ക്കാനും, ടിയാന് അർഹതപ്പെട്ട ഏതെങ്കിലും തുകകൾ ബന്ധപ്പെട്ട നഗരസഭകളിൽ നിന്നും അനുവദിക്കാനുള്ളതായി കാണുന്നപക്ഷം ആയത് അതത് നഗരസഭകൾ ടിയാന് നേരിട്ട് അനുവദിക്കേണ്ടതാണെന്നും നഗരകാര്യ ഡയറക്ടറുടെ 16/04/2018 ലെ പി.എഫ്9-21952/15 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക ക്ഷാമബത്ത പി.എഫിൽ ഒടുക്കുന്നതിന് സമയപരിധി ദീർഘിപ്പികൊണ്ടുള്ള 22/02/2017 ലെ സ.ഉ.(പി) നം.26/17/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കുടിശ്ശിക ഒടുക്കാൻ ശേഷിക്കുന്നുണ്ടെങ്കിൽ ടി തുക സി.പി.എഫിൽ ഒടുക്കുന്നതിനും, വിരമിച്ച ജീവനക്കാരുടെ കേസുകളിൽ തുക നേരിട്ട് നൽകുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്"*

**5)** ശ്രീ. പി.കെ. സുഭാഷ് കുമാറിന്റെ 1993-94 മുതൽ 2016-17 വരെയുള്ള പി.എഫ് ക്രെഡിറ്റ് കാർഡുകൾ പരിശോധിച്ചതിൽ നിന്നും, ടിയാൻ 1994-95 കാലഘട്ടത്തിൽ പി.എഫ്ൽ ഒടുക്കിയത് 200 രൂപയാണ്. മേല്പടി ഒടുക്ക തുക 1998 സെപ്റ്റംബർ വരെ തുടർന്നു. തുടർന്ന് 300 രൂപ വീതം 1998 ഒക്ടോബർ മുതൽ ഒടുക്കവരുത്തുകയും ആയത് 2007 ജൂൺ വരെ തുടരുകയും ചെയ്തു. തുടർന്ന് 2007 ജൂലൈ മുതൽ 550 രൂപ ഒടുക്കവരുത്തി. 2008 ഡിസംബർ മുതൽ 600 രൂപയാണ് ഒടുക്കി തുടങ്ങിയത്. 2010 മേയ് മുതൽ 650 രൂപയും ഓഗസ്റ്റ് 2011 മുതൽ 1300 രൂപയും 2014 മേയ് മുതൽ 1308 രൂപയും 1993 മാർച്ച് മാസം 200 രൂപ ഒടുക്കുകയും 1994-95 സാമ്പത്തിക വർഷം 1995 ഫെബ്രുവരിയിൽ ഒടുക്കവരുത്തിയ തുകയുടെ ഇരട്ടിയേക്കാൾ അധികം തുകയായ 5560 രൂപ മേല്പടിയാൻ പിൻവലിച്ചിട്ടുണ്ട്. തുടർന്നുള്ള 1995-96 സാമ്പത്തിക വർഷം 1995 ഒക്ടോബറിൽ 7186 രൂപയും (ഒരു വർഷം 2 പ്രാവശ്യം) 1996-97 സാമ്പത്തിക വർഷം 1997 മാർച്ചിൽ 16200 രൂപയും 1997-98 സാമ്പത്തിക വർഷം 1997 നവംബറിൽ 10728 രൂപയും 1998-99 സാമ്പത്തിക വർഷം 1998-ൽ 4104 രൂപയും 1999- ഡിസംബറിൽ 3200 രൂപയും 1999-2000 സാമ്പത്തിക വർഷം 1999 ജൂണിൽ 10000 രൂപയും 2000-01 സാമ്പത്തിക വർഷം 2000 ഏപ്രിലിൽ 7100 രൂപയും 2001 മാർച്ചിൽ 16000 രൂപയും 2001-02 സാമ്പത്തിക വർഷം 2001 ഒക്ടോബറിൽ 12397 രൂപയും 2002-03 സാമ്പത്തിക വർഷം 2002 ഓഗസ്റ്റിൽ 10515 രൂപയും 2003-04 സാമ്പത്തിക വർഷം 2003 ഓഗസ്റ്റിൽ 24984 രൂപയും 2004 മാർച്ചിൽ 29932 രൂപയും 2004-05 സാമ്പത്തിക വർഷം 2004 ഡിസംബറിൽ 24720 രൂപയും 2006-07 സാമ്പത്തിക വർഷം 2006 മേയ് മാസം 21700 രൂപയും 2006 ഓഗസ്റ്റിൽ 45000 രൂപയും 2007 മാർച്ചിൽ 11070 രൂപയും 2007-08 സാമ്പത്തിക വർഷം 2007 ഒക്ടോബറിൽ 14985 രൂപയും 2008-09 സാമ്പത്തിക വർഷം 2008 മേയ് 40898 രൂപയും 2008 നവംബറിൽ 49500 രൂപയും 2009-10 സാമ്പത്തിക വർഷം 2009 നവംബറിൽ 34870 രൂപയും 2011-12 സാമ്പത്തിക വർഷം 2011 ഓഗസ്റ്റിൽ 1,41,840 രൂപയും 2012-13 സാമ്പത്തിക വർഷം 2012 മേയ് മാസം 146376 രൂപയും 2013 മാർച്ചിൽ 149964 രൂപയും 2013-14 സാമ്പത്തിക വർഷം 2013 നവംബറിൽ 99989 രൂപയും 2014-15 സാമ്പത്തിക വർഷം 2014 ജൂണിൽ 40212 രൂപയും ഇത്തരത്തിൽ പൈസ ഒടുക്ക തുടങ്ങിയ സാമ്പത്തിക വർഷത്തിന്റെ തൊട്ടടുത്ത സാമ്പത്തിക വർഷം മുതൽ എല്ലാ വർഷവും ഒന്നോ അതിലധികമോ തവണ അതും അടച്ച തുകയേക്കാൾ ഇരട്ടിയിലധികം പിൻവലിക്കൽ നടത്തിയതായി കാണാവുന്നതാണ്. ആയതുകൊണ്ടുതന്നെ 1993-94 വർഷം ഒഴികെയുള്ള എല്ലാ വർഷങ്ങളിലും

ടിയാന്റെ പി.എഫ് അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടുള്ളത് നെഗറ്റീവ് ബാലൻസിലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1,38,098/- രൂപ തിരിച്ച് പിടിക്കുന്നതിന് 16/04/2018 തീയതിയിലെ പിഎഫ്9-21952/2015 നമ്പർ പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവായിട്ടുള്ളത്.

**6)** സി.പി.എഫ് റൂൾസ് 1962 ന്റെ റൂൾ *12(7)* ഇപ്രകാരമാണ്.

*"In case a subscriber is found to have drawn from the Fund an amount in excess of the amount standing to his credit on the date of the drawal, the overdrawn amount, irrespective of whether the overdrawal occurred in the course of an advance or a withdrawal or the final payment from the Fund, shall be repaid by him with interest thereon in one lump-sum, or in default, be ordered to be recovered by deduction in one lumpsum from the emoluments of the subscriber. If the total amount to be recovered is more than half of the subscriber's emoluments, recoveries shall be made in monthly instalments of moieties of his emoluments till the entire amount together with interest, is recovered. For his sub-rule, the rate of interest to be charged on overdrawn amount would be 2½% over and above the normal rate on Provident Fund balance under sub-rule (1). The interest realized on the overdrawn amount shall be credited to Government account under a distinct sub-head "Interest on overdrawals from Provident Fund" under the Head "849-Interest Receipts C-Other interest receipts of Central Government - Other Receipts".*

**7)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിലും, പരാമർശം (3) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും സി.പി.എഫ് സംബന്ധിച്ചുള്ള നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും തിരുവനന്തപുരം നഗരസഭയിൽ നിന്നും 29/02/2016 ന് സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ.പി.കെ.സുഭാഷ് കുമാർ തന്റെ പി.എഫ് അക്കൗണ്ടിൽ നിന്നും അധികമായി കൈപ്പറ്റിയിട്ടുള്ള തുക *Rule 12(7) of CPF Rules 1962* പ്രകാരം തിരിച്ചുപിടിച്ച് നടപടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**8)** പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ